**Dr. Abraham Mar Seraphim**
**Metropolitan**

**മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ**
**Bangalore Diocese**

K. No. 32/2011

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹ വികാരിമാരും, ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും, ഭരണ സമിതി അംഗങ്ങളും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

രണ്ട് പ്രധാന ഐ. ടി. നഗരങ്ങൾ നമ്മുടെ ഭദ്രാസനത്തിൽ ഉൾപ്പെടുന്നതിനാൽ സഭാംഗങ്ങളായ ധാരാളമാളുകൾ ഉദ്യോഗാർത്ഥവും,പഠനത്തിനുമായും നഗരങ്ങളുടെ വിവിധ ഭാഗങ്ങളിൽ പാർക്കുന്നുണ്ട്. നഗര മദ്ധ്യത്തിൽ പാർപ്പിടങ്ങൾ കണ്ടെത്തുവാനുള്ള പ്രയാസം നിമിത്തം നഗരാതിർത്ഥികളിൽ അങ്ങുമിങ്ങുമായി ചിതറി പാർക്കുന്ന സഭാ മക്കൾ യാത്രാക്ലേശവും മറ്റ് അസൗകര്യങ്ങളും നിമിത്തം വല്ലപ്പോഴും മാത്രം ആരധനയിൽ സംബന്ധിക്കുകയോ, സമീപയുള്ള മറ്റ് സഭാ വിഭാഗങ്ങളുടെ ആരാധനയിൽ സംബന്ധിക്കുകയോ ചെയ്യുന്നു. ഇങ്ങനെയുള്ളവരിലേക്കു നമ്മുടെ ശ്രദ്ധ പതിയേണ്ട തായിട്ടുണ്ട്. അങ്ങനെയുള്ളവരെ കണ്ടെത്തി അവർക്ക് ആരാധന സൗകര്യം ഒരുക്കുകയും അവരെ സഭയോടുള്ള ബന്ധത്തിൽ ജീവിക്കുവാൻ സഹായിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. കഴിവുള്ള ഇടവകകൾ ഇങ്ങനെയുള്ള കേന്ദ്രങ്ങളിൽ ആരാധനകൾ തുടങ്ങുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണം.ഭദ്രാസനകേന്ദ്രത്തിൽനിന്നും അതിനുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്ന് നാം ആഗ്രഹിക്കുന്നു. 10– 20 കുടുംബങ്ങൾക്ക് ഒത്തു ചേരുവാൻ സൗകര്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി നമ്മെ അറിയിക്കുകയും കൂട്ടായ്മകൾ ഉണ്ടാക്കുന്നതിന് നമ്മുടെ ഇടവകകൾ പൂർണ്ണ പിൻതുണ നൽകുകയും ചെയ്യണമെന്ന് നാം താൽപര്യപ്പെടുന്നു.

ചാപ്പലുകളും, പ്രാദേശികമായി ആരാധനാ സൗകര്യങ്ങൾ ക്രമീകരിക്കുന്നതും ഏറ്റവും ശ്രേഷ്ഠ മായ സുവിശേഷ പ്രവർത്തനമായി പരിഗണിക്കപ്പെടുന്ന വസ്തുതയാണ്. എല്ലാ ഇടവകകളും ഈ കാര്യം ഗൗരവത്തോടെ കാണുമെന്നും, ആത്മാർത്ഥമായി ഉത്സാഹിക്കു മെന്നും നാം പ്രത്യാശിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വ ശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ ഏവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

13-08-2011.

ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ

1st Main, 4th Block, HBR Layout, Kalyan Nagar P.O., Bangalore - 560 043. Tel : 080-2544 0234
Email : metropolitan@bangaloreorthodoxdiocese.org